Office of the Chief Engineer
24/6/14
LSGD, Thiruvananthapuram

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മരാമത്ത് പണികൾ - വാറ്റ് വിഹിതം ഒടുക്കുന്നതിന് മാത്രമായി താൽക്കാലിക ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1529/2014/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18.06.2014.

പരാമർശം:-

1. 08.01.2014-ലെ സ.ഉ.(സാധാ.) 83/2014/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വിഭാഗം, ചീഫ് എഞ്ചിനീയറുടെ 22.01.2014-ലെ ഡി.ബി1/7165/2012/സി.ഇ./ എൽ.എസ്.ജി.ഡി. നമ്പർ കത്ത്.

2/7/14

### ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വാറ്റ് നികുതി വിഹിതം ഇ-പെയ്മെന്റ് വഴി ഒടുക്കേണ്ടി വരുമ്പോൾ ട്രഷറികളിൽ GRAS.K എന്ന സംവിധാനം നിലവിൽ വരുന്നതു വരെ മാത്രം ഇപ്പോൾ സെക്രട്ടറിയുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ / സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത ബാങ്കുകളുടെ ഏറ്റവും അടുത്ത ശാഖയിൽ വാറ്റ് (വാല്യു ആഡഡ് ടാക്സ്) ഒടുക്കുന്നതിനായി മാത്രം ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

ടി ഉത്തരവിൽ 'സെക്രട്ടറിയുടെ പേരിൽ' എന്നതിനോടൊപ്പം 'തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേധാവി' എന്ന് കൂടി ചേർത്ത് പരാമർശം (1) ലെ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വിഭാഗം, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (28055/ഡെവ.2/14/ധന. തീയതി: 31.03.2014.)
നികുതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.